# മതവികാരം വ്രണപ്പെടാതെ വേണം ആവിഷ്കാരസ്വാതന്ത്ര്യം വിനിയോഗിക്കുവാൻ

അടുത്തിടെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന ഒരു നോവലിൽ ക്ഷേത്രദർശനം നടത്തുന്ന ഹിന്ദുസ്ത്രീകളെ അപമാനിക്കുന്ന തരത്തിൽ ഒരു പരാമർശം വന്നത് അത്യന്തം വേദനാജനകവും പ്രതിഷേധാർഹവുമാണ്. സാഹിത്യകാരനായാലും കലാകാരനായാലും സർഗ്ഗാത്മകവൈഭവം പ്രകടിപ്പിക്കുമ്പോൾ ചില സാമൂഹികമര്യാദകൾ പാലിക്കേണ്ടതുണ്ട്. ആസ്വാദകസമൂഹമാണ് അവരുടെ സൃഷ്ടികളെ പ്രസക്തി നല്കി നിലനിർത്തുന്നത്. സാഹിത്യകാരന്മാർ എക്കാലവും സമൂഹത്തിൽ തിരുത്തൽശക്തികളായി നിലകൊള്ളുകയും ഉച്ചനീചത്വങ്ങൾക്കെതിരായി ശബ്ദമുയർത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ വായനക്കാരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന തരത്തിലുള്ള പ്രസ്താവം ഒഴിവാക്കപ്പെടേണ്ടതുതന്നെയാണ്. സമൂഹമനസുകളെ നേർദിശയിലേക്ക് നയിക്കേണ്ടത് അവരുടെ കടമയാണ്. അതല്ലാതെ, സമൂഹത്തിൽ അസ്വസ്ഥത സൃഷ്ടിക്കുകയല്ല അവർ ചെയ്യേണ്ടത്.

ഇവിടെ, ക്ഷേത്രദർശനം നടത്തുന്ന ഹിന്ദുസ്ത്രീകളുടെ ഉദ്ദേശ്യശുദ്ധിയെയാണ് നോവലിസ്റ്റ് അവഹേളിച്ചിരിക്കുന്നത് എന്നുള്ളത് കൂടുതൽ ഗൗരവം അർഹിക്കുന്നു. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ ഏതെങ്കിലും വിഭാഗത്തെ വംശീയമായി അധിക്ഷേപിക്കുന്നത് ആശാസ്യമല്ല. ആവിഷ്കാരസ്വാതന്ത്ര്യം ആസ്വാദകസമൂഹം അനുവദിച്ചു നല്കിയിരിക്കുന്നത് സമൂഹത്തെ കരുതലോടും ഉത്തരവാദിത്വബോധത്തോടും ഉൾക്കൊള്ളുമെന്ന വിശ്വാസത്തിലാണ്.

സഹിഷ്ണുതയുള്ള ഒരു സമൂഹത്തിന്റെ ഭാഗമായതുകൊണ്ട് ഹിന്ദുസ്ത്രീകൾക്കെതിരെ എന്തും പറയാമെന്നു ധരിക്കരുത്. മറ്റേതെങ്കിലും മതവിഭാഗത്തിലെ സ്ത്രീകളെ ഇത്തരത്തിൽ അവഹേളിക്കുന്നുവെങ്കിൽ എന്താകുമായിരുന്നു സ്ഥിതി എന്ന കാര്യം ഓർക്കണം. ഇതിനുമുമ്പ് ഉണ്ടായിട്ടുള്ള ചെറുതും വലുതുമായ പല സംഭവങ്ങളും അതിനുദാഹരണങ്ങളാണ്. വായനക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന വികാരാവേശങ്ങളാണ് ആവിഷ്കാരസ്വാതന്ത്ര്യം എന്ന നിലയിൽ സാഹിത്യകാരൻ അനുഭവിക്കുന്നതെന്ന് ഓർമ്മ വേണം.

ഈ നോവലിന് സാംസ്കാരികകേരളത്തിലെ അധികാരസ്ഥാനങ്ങളിലിരിക്കുന്നവരുടെയും രാഷ്ട്രീയനേതാക്കളുടെയും ചില എഴുത്തുകാരുടെയും പിന്തുണ മാധ്യമങ്ങളിലൂടെ അറിയാനിടയായി. അവയുടെയൊക്കെ പിന്നിൽ രാഷ്ട്രീയലക്ഷ്യങ്ങളും, തങ്ങൾ പുരോഗമനവാദികളാണെന്ന് ജനമദ്ധ്യത്തിൽ തെളിയിക്കാനുള്ള ശ്രമങ്ങളും മാത്രമാണെന്നു പറയേണ്ടിയിരിക്കുന്നു.

അതേസമയം ഇത്തരം സാഹചര്യങ്ങളെ യുക്തിസഹവും ബുദ്ധിപരവുമായി നേരിടേണ്ടതിനു പകരം ചിലർ ഇതിനെ രാഷ്ട്രീയമുതലെടുപ്പിനുവേണ്ടി മാത്രം ഉപയോഗിക്കാൻ ശ്രമിക്കുന്നത് ഒരുതരത്തിലും ന്യായീകരിക്കാൻ കഴിയില്ല. അത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കാനേ ഇടനല്കുകയുള്ളൂ.

ഈ വിഷയത്തിൽ നായർ സർവീസ് സൊസൈറ്റിക്ക് വ്യക്തമായ നിലപാടുണ്ട്. നോവലിൽ ഒരു കഥാപാത്രത്തിന്റെ ചിന്താഗതി എന്ന രീതിയിലായാൽപോലും അത്തരം പ്രസ്താവങ്ങൾ ഹിന്ദുമതവിശ്വാസത്തിനെതന്നെ മുറിവേല്പിച്ചു എന്ന കാര്യത്തിൽ സംശയമില്ല. നോവലിസ്റ്റ് അങ്ങനെ ചെയ്തുകൂടായിരുന്നു.

കേരളത്തിലെ ഒരു മുൻനിര പത്രമാധ്യമ ത്തിന്റെ പ്രസിദ്ധീകരണമായ ആഴ്ചപ്പതിപ്പിൽ ഇത് പ്രസിദ്ധീകരിക്കാൻ ഇടയായതുതന്നെ സാംസ്കാരികകേരളത്തിന് അപമാനകരമാണ്. ഇത് പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് അവർ ചിന്തിക്കേണ്ടതായിരുന്നു. പ്രസിദ്ധീകരിച്ചെങ്കിൽതന്നെയും ജനവികാരം മനസിലാക്കി, അങ്ങനെ ഒരു സാഹചര്യം ഉണ്ടായതിൽ അവരുടെ പത്രമാധ്യമത്തിലൂടെ ഖേദം പ്രകടിപ്പിക്കുകയെങ്കിലും വേണ്ടതായിരുന്നു. അതിനു പകരം സംവാദങ്ങളിലൂടെയും പ്രതികരണങ്ങളിലൂടെയും പ്രശ്നം കൂടുതൽ രൂക്ഷമാക്കാൻ അവർ ശ്രമിക്കുന്നതിനോട് ഒരുതരത്തിലും യോജിക്കാനാവില്ല.